## ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം

വിഷയം: കൊല്ലം ജില്ലയിൽ ഈസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ ഈസ്റ്റ് കല്ലട വില്ലേജിൽ റീസർവ്വേ നമ്പർ 83/13 ൽ പ്പെട്ട 16.45 ആർ സ്ഥലത്ത് ഗ്രൂപ്പ് (I) ഹസാഡസ് ഗണത്തിൽപ്പെടുന്ന 280 ച മീ വിസ്തൃതിയുള്ള പെട്രോൾപമ്പ് നിർമ്മിക്കുന്നതിനുള്ള ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീ.അനിൽകുമാർ & ശ്രീമതി.ബിന്ദു.ജി പ്രണവം, ഈസ്റ്റ് കല്ലട എന്നിവരുടെ 23/11/2022 ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKLM/583/2022/C** **തീയതി** 02-12-2022

---

കൊല്ലം ജില്ലയിൽ ഈസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ ഈസ്റ്റ് കല്ലട വില്ലേജിൽ റീസർവ്വേ നമ്പർ 83/13 ൽ പ്പെട്ട 16.45 ആർ സ്ഥലത്ത് ഗ്രൂപ്പ് (I) ഹസാഡസ് ഗണത്തിൽപ്പെടുന്ന 280 ച മീ വിസ്തൃതിയുള്ള പെട്രോൾപമ്പ് നിർമ്മിക്കുന്നതിന് വേണ്ടി ശ്രീ അനിൽ കുമാർ,ശ്രീമതി ബിന്ദു.ജി. പ്രണവം,ഈസ്റ്റ് കല്ലട, കൊല്ലം എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ:</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യൂപെൻസി നൽകുവാൻ പാടുള്ളൂ.
2. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
3. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
5. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നു സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
6. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.
7. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

8. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുന്നില്ല എന്നു സെക്രട്ടറി ഉറപ്പുവരുത്തണം.
9. സൈറ്റ് പ്ലാനില് രേഖപെടുത്താത്തതും പ്ലോട്ടിൽ നിലവിലുള്ളതുമായ നിർമ്മാണം പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്.
10. ടി കെട്ടിടത്തിന്റെ നിർമ്മാണം, ഉപയോഗം എന്നിവ മൂലം സമീപവാസികളുടെ സ്വൈര ജീവിതത്തിനും സുരക്ഷയ്ക്കും യാതൊരു വിധമായ ഭീഷണിയോ, പാരിസ്ഥിതിക പ്രശ്നങ്ങളോ ശബ്ദ, വായു, ജല മലിനീകരണ പ്രശ്നങ്ങളോ മറ്റ് അനുബന്ധ പ്രത്യാഘാതങ്ങളോ, ഗതാഗത കുരുക്ക് മുതലായവ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
11. ചട്ടം 34(3)(2) പ്രകാരം സന്ദർശകർക്കുള്ള ശുചിമുറി സൗകര്യം നൽകിയിരിക്കണം.
12. പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാപനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
13. പെട്രോൾ പമ്പിന്റെ സ്ഥാനം MORTH Guidelines പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>51/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

Signed by
Shary M V TOWN PLANNER
Date: 02-12-2022 16:07:46

ശ്രീ.അനിൽകുമാർ & ശ്രീമതി.ബിന്ദു.ജി,
പ്രണവം,
ഈസ്റ്റ് കല്ലട,
ഗുരുകുലം ജംഗ്ഷൻ
കൊല്ലം-691502.

പകർപ്പ്: സെക്രട്ടറി,
ഈസ്റ്റ് കല്ലടഗ്രാമ പഞ്ചായത്ത്.